DESPATCHED
On. 13.2.23

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **CP. No. 265(5)/2020/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4249/SIC-G7/2020**

**സന്നിഹിത**
**ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി:** 10.01.2023

| | |
|---|---|
| **ശ്രീ. രാമചന്ദ്രൻ,**<br>**കുളങ്ങരതൊടിയിൽ,**<br>**നടുവത്ത് ചേരി, ചവറ സൗത്ത് പി.ഒ,**<br>**കൊല്ലം – 691 584.** | **പരാതി ഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**<br>**ഡിസ്ട്രിക്ട് ടൂറിസം പ്രെമോഷൻ കൗൺസിൽ,**<br>**നിയർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്,**<br>**കൊല്ലം – 691 001.** | **എതിർകക്ഷി** |

**ഉത്തരവ്**

1. പരാതി ഹർജിക്കാരൻ 24.10.2019 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, ഒ.പി 10204/2002 (എം) പ്രകാരം ഹർജിക്കാരൻ ഉൾപ്പെടെ എത്ര പേരെ ജോലിയിൽ തിരിച്ചെടുത്തു, ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ടിയാനെ തിരിച്ച് ജോലിക്ക് എടുക്കും മുമ്പ് വ്യക്തിഗത ഹിയറിംഗ് നടത്തിയോ, എന്ന്, എപ്പോൾ, ഹിയറിംഗ് നടത്തിയെങ്കിൽ ആയതിന്റെ പകർപ്പ്, കോടതി ഉത്തരവ് പ്രകാരം റീപോസ്റ്റിംഗ് ടിയാൻ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് നടത്തിയ ഉത്തരവിന്റെ പകർപ്പ് എന്നിങ്ങനെയുള്ള 8 വിവരങ്ങളാണ്

2. പ്രസ്തുത അപേക്ഷയിൻമേൽ എസ്.പി.ഐ.ഒയുടെ മറുപടി തൃപ്തികരമകാത്ത തിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ 17.03.2020 തീയതി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു.

3. പരാതി ഫയലിൽ സ്വീകരിച്ചതിനെ തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 23.05.2022 തീയതി നടന്ന ഹിയറിംഗിൽ പരാതി ഹർജിക്കാരനും എസ്.പി.ഐ.ഒയും ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.

4. ഹർജിക്കാരനെ ജോലിയിൽ തിരിച്ചെടുക്കുന്നത് സംബന്ധിച്ച ഡി.റ്റി.പി.സി എടുത്ത തീരുമാനത്തിന്റെ പകർപ്പാണ് അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നതെന്നും ഡി.റ്റി. പി.സിയിൽ നിന്നും രേഖകൾ ലഭിച്ചിട്ടില്ലായെന്നും അപേക്ഷയിൻമേൽ ആവശ്യ പ്പെട്ട രേഖകൾക്ക് 14/- രൂപ ഫീസ് അടയ്ക്കാൻ നിർദ്ദേശം നൽകിയെന്നും തുടർന്ന് രേഖകൾക്ക് ഫീസ് അടച്ചിട്ടും രേഖകൾ നൽകിയിരുന്നില്ല സമയബന്ധി തമായി രേഖകൾ നൽകാത്തതിനാൽ എതിർകക്ഷിയെ മാതൃകപരമായി ശിക്ഷിക്ക ണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചത്.

5. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 15.11.2019 തീയതി മറുപടി നൽകി യെന്നും 25.11.2019 തീയതി ടിയാൻ രേഖകൾക്ക് ഫീസ് ഒടുക്കിയെന്നും വിവരം നിക്ഷേധിച്ചിട്ടില്ലായെന്നും വിവരം ഓഫീസിൽ നിലവിലുളളതാണെന്നും എസ്.പി. ഐ.ഒ കമ്മീഷനെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി.

6. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ 25.10.2019 ലെ അപേക്ഷയ്ക്ക് 15.11.2019 തീയതി ഒരു മറുപടി നൽകി യിട്ടുളളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത മറുപടിയിൽ ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകുകകയും പകർപ്പിനത്തിൽ 14/- രൂപ 25.11.2019 തീയതി അടവാക്കിയിട്ടും രേഖകൾ ഏത് തീയതി നൽകിയെന്ന് എസ്.പി.ഐ.ഒ യുടെ മൊഴിയിൽ നിന്ന് വ്യക്തമല്ല. ആയതു കൊണ്ട് തന്നെ ടിയാന് രേഖകൾ ലഭി ച്ചിട്ടില്ല എന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. വിവരാവകാശ നിയമപ്രകാര മുളള അപേക്ഷകളിൽ രേഖകൾ ആവശ്യപ്പെടുന്ന പക്ഷം സമയബന്ധിതമായി തന്നെ ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ഹർജിക്കാരൻ ഫീസ് ഒടുക്കി രസീത് 25.11.2019 ന് ഹാജരാക്കിയിട്ടും രേഖകൾ നൽകാതിരുന്ന എസ്.പി.ഐ.ഒ യുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരവീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയള വിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1)

പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാരണങ്ങളാലെ ഒന്നാം എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യ ത്തിൽ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ രേഖകൾ സൗജന്യമായി നൽകാനും ഫീസിനത്തിൽ വാങ്ങിയ 14/- രൂപ തിരികെ നൽകാനും എസ്.പി.ഐ. ഒയ്ക്ക് നിർദ്ദേശം നൽകികൊണ്ട് ഈ പരാതിഹർജി ഇന്നേ ദിവസം 2023 ജനുവരി മാസം 10-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി.ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)